പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4542 21.03.2018-ൽ മറുപടിക്ക്

മലബാർ കാൻസർ സെന്ററിനായി (ആർ. സി. സി.) വകയിരുത്തിയ തുക

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷം മലബാർ കാൻസർ സെന്ററിനായി (ആർ. സി. സി.) വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; | (എ) | മലബാർ കാൻസർ സെന്ററിന് 2017-18 വർഷത്തെ ബഡ്ജറ്റിൽ 3500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 128.29 ലക്ഷം രൂപ 4% ഇതേ വരെ ചെലവഴിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ പദ്ധതി തുകയുടെ അഞ്ചുശതമാനം പോലും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | മലബാർ കാൻസർ സെന്ററിൽ പദ്ധതികൾ പ്രധാനമായും കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ്. കെട്ടിട നിർമ്മാണത്തിനു മെഡിക്കൽ എം.സി.സി.യിലെ നടപടിക്രമം പ്രകാരം, വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി കണ്ണൂർ ഗവ.എഞ്ചിനിയറിംഗ് കോളേജിൽ നിന്നും പരിശോധിച്ചതിനു ശേഷം ടെണ്ടറുകൾ ക്ഷണിച്ചോ അല്ലെങ്കിൽ അതിനായി നിയോഗിച്ച ഏജൻസിയെ നിർമ്മാണ പ്രവർത്തികൾ ഏല്പിക്കുകയോ ആണ് ചെയ്യുന്നത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഇത് ഗവ.എഞ്ചിനിയറിംഗ് കോളേജിൽ നിന്നും പരിശോധിച്ച് തിരികെ ലഭിക്കുന്നതിനും, ടെണ്ടർ നടപടികളിൽ ഉണ്ടാകുന്ന പ്രായോഗിക തടസ്സങ്ങൾ കാരണവും കാലതാമസം ഉണ്ടാകാറുണ്ട്. ഇത് പ്രവർത്തികളെ ബാധിക്കാറുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്ന അവസരത്തിൽ ടെണ്ടർ നടപടികളിൽ ആവശ്യമായ ടെണ്ടറുകൾ ലഭിക്കാതെ വരികയും, മറ്റ് നടപടിക്രമങ്ങൾ കാരണവും കാലതാമസം നേരിടാറുണ്ട്. കൂടാതെ വലിയ ഉപകരണങ്ങൾ ഭൂരിഭാഗവും വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം ലെറ്റർ ഓഫ് ക്രെഡിറ്റ് ആരംഭിച്ച് സപ്ലൈ ചെയ്യാനുള്ള സമയം നിശ്ചയിച്ചുമാണ് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി വരുന്നത്. ഇതിനൊക്കെ പ്രതീക്ഷിക്കാത്ത തരത്തിലുള്ള സാങ്കേതികവും പ്രായോഗികവുമായ തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. കേരളത്തിലെ മൂന്നു പ്രധാന മേഖലാ കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ അത്യാധുനിക ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വിദഗ്ധരുടെ സേവനവും ഉറപ്പാക്കി സമഗ്ര കാൻസർ പരിചരണം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ